# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 766 29/11/2018 ൽ മറുപടിക്ക്

**ശബരിമല സംബന്ധിച്ച സുപ്രീം കോടതി വിധി**

ചോദ്യം

ശ്രീ.അടൂർ പ്രകാശ്
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ യുവതീപ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് സുപ്രീംകോടതി റദ്ദാക്കിയ സാഹചര്യത്തിൽ യുവതികൾക്കായി ശബരിമലയിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതിന് ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | യുവതികൾക്ക് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാകൂർ ദേവസ്വം ബോർഡ് ബഹു. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്. |
| (ബി) | മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മണ്ഡല മകരവിളക്ക് കാലത്തേക്കായി എന്തൊക്കെ സൗകര്യങ്ങളാണ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; | | |
| (സി) | ഈ വിധി മൂലം ആചാരപരമായ കാര്യങ്ങളിൽ എന്തെങ്കിലും ലംഘനമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ തന്ത്രി സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ശബരിമലയിൽ പിൻതുടർന്ന് വന്ന ആചാരമെന്ന നിലയിൽ 10 നും 50 നും ഇടയ്ക്കുള്ള സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചിരുന്നത് ബഹു. സുപ്രീം കോടതി 2018 സെപ്റ്റംബർ 28 ന് പുറപ്പെടുവിച്ച |

| | | | |
|---|---|---|---|
| | | | വിധിയോടെ അസാധുവായിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രത്യേക നിലപാട് ഒന്നും തന്ത്രി ദേവസ്വം ബോർഡിനെയോ സർക്കാരിനേയോ അറിയിച്ചിട്ടില്ല. |
| (ഡി) | സുപ്രീം കോടതി വിധി വിശ്വാസി സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിഷേധവും ആശങ്കയും ദൂരീകരിക്കുന്നതിന് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | വിധി നടപ്പിലാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹു. സുപ്രീം കോടതിയിൽ സാവകാശ ഹർജി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ